**സാമൂഹ്യാരോഗ്യ കേന്ദ്രം, വിളപ്പിൽ**

ഫോൺ 0471 2289185

ഇ മെയിൽ chcvilappil@gmail.com

നം.ബി-637/2023/സി എച്ച് സി വി

തീയതി-18/05/2023

**ക്വട്ടേഷൻ നോട്ടീസ്**

കേന്ദ്ര സർക്കാരിന്റെ സ്കറാപ്പിംഗ് പോളിസി 2022 ഏപ്രിൽ 1 മുതൽ നിലവിലുള്ളതിനാൽ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഈ സ്ഥാപനത്തിലെ വാഹനം നിരത്തിലിറക്കുവാൻ കഴിയാത്ത സാഹചര്യത്താൽ 2023 ജൂൺ മാസം 1- തീയതി മുതൽ ഈ ആശുപത്രിയിലെ ദൈനംദിന ആവശ്യങ്ങൾക്കും മറ്റും വാഹനം ആവശ്യമായി വരുന്ന സാഹചര്യത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ആശുപത്രിയിൽ നിന്ന് ആവശ്യപ്പെടുന്ന പ്രകാരം ഡ്രൈവർ ഉൾപ്പടെ വാഹനം വാടകക്ക് നൽകുവാൻ കഴിയുന്ന വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച്കൊള്ളുന്നു.

**നിബന്ധനകൾ**

1. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തി കേന്ദ്ര/കേരള മോട്ടോർ വാഹന ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

2. ചുരുങ്ങിയത് 5/6 സീറ്റിങ് കപ്പാസിറ്റിയുള്ള, നല്ല വർക്കിങ് കപ്പാസിറ്റി ഉള്ളതും 7 വർഷത്തിലധികം പഴക്കം ഇല്ലാത്തതുമായ വാഹനം ആയിരിക്കണം.

3. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ വാഹനത്തിന്റെ ആദ്യത്തെ 1 മാസത്തെ ഡ്രൈവർ/ വണ്ടി ഉൾപ്പെടെയുള്ള തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

4. ഓരോ ഓട്ടത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി അതാത് ദിവസം ട്രിപ്പ് ഷീറ്റ് സമർപ്പിക്കേണ്ടതാണ്. അതാത് മാസം അവസാനം തുകകൾ ട്രഷറി മുഖേനെ ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ച ആളിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.ആയതിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സ്ഥാപനത്തിൽ നൽകേണ്ടതാണ്.

5. വാഹനത്തിന്റെ അറ്റകുറ്റപണികൾ, ഇൻഷുറൻസ്, പെട്രോൾ /ഡീസൽ മറ്റ് എല്ലാ ചെലവുകളും വാഹന ഉടമതന്നെ വഹിക്കേണ്ടതാണ്.

6. ഏതെങ്കിലും കാരണവശാൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം കേടായാൽ ക്വട്ടേഷൻ ലഭിച്ചയാൾ സ്വന്തം ഉത്തരവാദിത്വത്തിൽ വേറെ വാഹനം ഏർപ്പാടാക്കിനൽകേണ്ടതും ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിച്ചാൽ നിബന്ധനകൾ രേഖപ്പെടുത്തി 200രൂപ പത്രത്തിൽ സ്ഥാപന മേധാവിയുമായി ഒരു കരാറിൽ ഒപ്പുവയ്ക്കേണ്ടതാണ്.

7. കരാർ കാലാവധി 1-06-2023 മുതൽ 3 മാസത്തേക്കാണ്. പക്ഷെ ആവശ്യമെങ്കിൽ 31-03-2024 വരെ നീട്ടി ലഭിക്കുവാൻ സാധ്യതയുണ്ട്. അങ്ങനെ ആയാൽ ഇപ്പോൾ രേഖപ്പെടുത്തിയ തുകയ്ക്ക് തന്നെ 31-03-2024വരെ ഡ്രൈവർ ഉൾപ്പെടെ വാഹനം നൽകേണ്ടതാണ്.

8. വാഹനത്തിന്റെ കാര്യക്ഷമതയില്ലായ്മ കൃത്യസമയത്ത് വാഹനം എത്തിക്കാതിരിക്കുക പെരുമാറ്റ ദൂഷ്യം എന്നിവ ഉണ്ടായാൽ യാതൊരു മുന്നറിയിപ്പും കൂടാതെ എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് പുതിയ ക്വട്ടേഷൻ വിളിക്കുകയും ഇതുമൂലം ഉണ്ടായ നഷ്ടം നിയമാനുസ്രതം ക്വട്ടേഷൻ ലഭിച്ച വ്യക്തിയിൽ നിന്ന് ഈടാക്കുന്നതാണ്.

9. ഡ്രൈവർക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം/വ്യക്തി നൽകേണ്ടതാണ്.

10. ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി 30/05/2023 ഉച്ചക്ക് 12 മണി. അന്നേദിവസം 12.30ന് ക്വട്ടേഷൻ തുറക്കുന്നതും ഏറ്റവും കുറവ് രേഖപ്പെടുത്തിയ വ്യക്തിക്ക് / സ്ഥാപനത്തിന് ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്.

11. ക്വട്ടേഷനോടൊപ്പം വാഹനത്തിന്റെ RC, License, Insurance, Pollutiuon എന്നീ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്.

L. Rema 18/5/2023

ഡോ.രമ.എൽ

മെഡിക്കൽഓഫീസർ ഇൻചാർജ്ജ്

COMMUNITY HEALTH CENTRE VILAPPIL, TRIVANDRUM-DIST

Medical Officer in Charge
Community Health Centre, Vilappil